**Roll No.** | | | | | |  **Code No. 012**

# CONFEDERATION OF KERALA SAHODAYA COMPLEXES

**Set III**

## MODEL QUESTION PAPER 2018-'19

CLASS X

MALAYALAM

TIME ALLOWED: 3 HOURS

MAXIMUM MARKS: 80

This question paper divided into four sections:

Section A : Reading Comprehension - 10 marks

Section B : Writing - 16 marks

Section C : Garammar - 17 marks

Section D : Litrature - 37 marks

## എ വിഭാഗം

**I ഖണ്ഡിക വായിച്ച് ചുവടെ കൊടുത്ത ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക:–**

വസ്തുനിഷ്ഠമായി എഴുതപ്പെട്ട ഉപന്യാസങ്ങൾക്കാണ് മലയാളത്തിൽ ആദ്യകാലംമുതൽക്കുതന്നെ മുൻഗണന സിദ്ധിച്ചത്. മലയാളികളുടെ സ്വാഭാവികമായ ഗൗരവബുദ്ധിയാവാം ഇതിനുകാരണം. വിഷയങ്ങളെ അവ അർഹിക്കുന്ന ഗൗരവത്തോടുകൂടി വിശകലനം ചെയ്ത് വിരചിച്ച എത്രയോ ഉപന്യാസങ്ങൾ ആധുനിക ഗദ്യസാഹിത്യത്തിന്റെ ആരംഭം മുതൽക്കേ ഉണ്ടാകാൻ തുടങ്ങിയിട്ടുണ്ട്. സി.പി. അച്ചുതമേനോൻ, ഈശ്വരപ്പിള്ള, കൃഷ്ണപ്പിള്ള, അന്തപ്പായി തുടങ്ങിയ കഴിഞ്ഞ തലമുറയിലെ പല പ്രമുഖോപന്യാസകാരന്മാരെയും കൃതജ്ഞതയോടുകൂടി മാത്രമേ മലയാളിക്ക് സ്മരിക്കാനാവൂ. അവരുടെ പാരമ്പര്യമാണ് നമ്മുടെ ഉപന്യാസ ശാഖയെ ഇന്നും പച്ചപിടിച്ചിച്ചുകൊണ്ടിരിക്കുന്നത്. ഇംഗ്ലീഷ് സാഹിത്യത്തിൽ ഉപന്യാസ പ്രസ്ഥാനത്തിന്റെ വളർച്ചയത്രയും ആനുകാലിക പ്രസിദ്ധീകരണങ്ങളെ ആശ്രയിച്ചിരിക്കുന്നു.

**ചോദ്യങ്ങൾ**

1) എന്തുകൊണ്ട് നമ്മുടെ ഉപന്യാസങ്ങൾ മികച്ചതായി? 2

2) ഉപന്യാസലോകത്ത് നാം കടപ്പെട്ടത് ആരോടെല്ലാമാണ്?

3) ആധുനിക ഗദ്യസാഹിത്യത്തിന്റെ ആരംഭത്തിലുള്ള ഉപന്യാസങ്ങളുടെ പ്രത്യേകത എന്ത്?

4) ഇംഗ്ലീഷ് സാഹിത്യത്തിലെ ഉപന്യാസ പ്രസ്ഥാനം എന്തിനെ ആശ്രയിച്ചിരിക്കുന്നു?

5) ഈ ഖണ്ഡികയ്ക്ക് ഉചിതമായൊരു ശീർഷകം നൽകുക.

## ബി വിഭാഗം

**II ഏതെങ്കിലും ഒരു വിഷയത്തെക്കുറിച്ച് രണ്ടു പുറത്തിൽ കവിയാതെ ഉപന്യസിക്കുക.** 8

a) 1) കാലാവസ്ഥ വ്യതിയാനവും പ്രകൃതി സംരക്ഷണവും

2) വിദ്യാർത്ഥികളും നവമാധ്യമങ്ങളും

3) മനുഷ്യാവകാശ സംരക്ഷണം.

b) റോഡപകടങ്ങളെപറ്റി ബോധവത്ക്കരണ ക്ലാസ്സ് എടുക്കാൻ കമ്മീഷണറെ ക്ഷണിച്ചുകൊണ്ട് സ്കൂൾ ലീഡറെന്ന നിലയിൽ ഒരു കത്ത് തയ്യാറാക്കുക. 8

## സി വിഭാഗം

**III** a) **പ്രയോഗം മാറ്റുക** 2

1) അമ്മയുടെ എഴുത്തുകൾ അമ്മയുടെ ഓർമ്മകളെ പ്രതിനിധാനം ചെയ്യുന്നു.

2) സാന്താമായി എന്നെ സ്വപ്നം കണ്ടു

b) **അംഗവാക്യം/അംഗിവാക്യം എന്നിവ വേർതിരിക്കുക** 2

1) ധനുമാസത്തിൽ യാദൃശ്ചികമായി കടന്നുവന്ന കാറ്റിലും മഴയിലും കൊച്ചുചക്കരച്ചി തകർന്നു വീണു.

2) രണ്ടുമൂന്ന്മാസം കഴിഞ്ഞപ്പോൾ അവൻ അമ്മയ്ക്ക് ഭാര്യ അറിയാതെ പണം അയച്ചുതുടങ്ങി.

c) **പിരിച്ചെഴുതി സന്ധി നിർണ്ണയിക്കുക** 2

1) വെട്ടമില്ല 2) അയാൾ

d) **വിഗ്രഹിച്ച് സമാസം നിർണ്ണയിക്കുക** 2

1) കീറക്കടലാസ് 2) കാട്ടുചോല

e) **പര്യായ പദങ്ങൾ എഴുതുക** 2

1) മയിൽ 2) ഇരുട്ട്

f) **നാനാർത്ഥപദമെഴുതുക** 2

1) മുടി 2) കുരുടി

g) **വാക്യത്തിൽ തെറ്റുണ്ടെങ്കിൽ തിരുത്തുക** 2

അഭിമന്യുപുത്രനായി, ഒരു വംശാങ്കുരമുളയും ഒരു വിധം ചത്തുജീവിച്ചും കൊണ്ടു ജനിച്ചു. ജ്ഞാതി ബന്ധുവധവിഷണ്ണനായ യുധിഷ്ഠിരൻ വ്യാസോപദേശമനുസരിച്ച് പാപപരിഹാരാർത്ഥത്തിനുവേണ്ടി അശ്വമേധം യജിപ്പാൻ നിശ്ചയിച്ചു തീരുമാനിച്ചു.

**IV ബ്രാക്കറ്റിൽ നിന്നും ശരിയായ ഉത്തരം എടുത്ത് എഴുതുക**

a) **വിപരീതപദം എഴുതുക** 1/2x2=1

1) വികലം (അവികലം, കലം, സവികലം)

2) തവ (മമ, അവ, താവകം)

b) **അർത്ഥവ്യത്യാസം എഴുതുക** 1/2x2=1

1) സ്മരിക്കുക - മരിക്കുക

(ഓർമ്മിക്കുക, മറക്കുക, ജീവൻ വെടിയുക)

c) **എതിർലിംഗം എഴുതുക** 1/2x2=1

1) ഇന്ദ്രൻ

(ഇന്ദ്രാണി, ഇന്ദ്ര, ചന്ദ്രൻ)

2) ധീര

(ധീരൻ, ധീര, ഭീരു)

## ഡി വിഭാഗം

**V** a) **ബ്രാക്കറ്റിൽ നിന്ന് ശരിയായ ഉത്തരം എടുത്ത് എഴുതുക.** 1/2x10=5

1) അഹം ബുദ്ധിയുണ്ടാകുന്നത് എന്തുകൊണ്ട്?

(ദേഹം നിമിത്തം, മോഹം നിമിത്തം, ക്രോധംനിമിത്തം)

2) നിസ്സഹായന്റെ നിലവിളിയായി കഥാന്ത്യത്തിൽ അനുഭവപ്പെടുന്നതെന്ത്?

(തൂക്കുകയർ, ബലിച്ചോറ്, പൊതിച്ചോറ്)

3) എസ്.എൻ.ഡി.പി. യോഗം സെക്രട്ടറി എന്ന നിലയിൽ സമൂഹപരിഷ്കരണത്തിന് നേതൃത്വം വഹിച്ച മഹാകവിയാര്?

(ആശാൻ, ഉള്ളൂർ, വയലാർ)

4) ഞാൻ എനിക്കുവേണ്ടി മരിച്ചവരുടെ ഒപ്പമെത്താൻ വെമ്പുകയാണ്. ആരുടെ വാക്കുകളാണിത്?

(ദുര്യോധനൻ, കർണ്ണൻ, കൃപർ)

5) വയലാർ രാമവർമ്മ രചിച്ച ഖണ്ഡകാവ്യമേത്?

(ആയിഷ, മുളങ്കാട്, കല്യാണസൗഗന്ധികം)

6) അക്കർമാശി എന്ന പദത്തിന്റെ അർത്ഥമെന്ത്?

(തൂക്കം, സവർണ്ണൻ, അർദ്ധജാതി)

7) നാളേയ്ക്കുവേണ്ടി ഉറങ്ങാൻ ശ്രമിക്കുന്നത് ആര്?

(ആകാശഗോപുരങ്ങൾ, തെരുവീഥികൾ, തെരുവ് നായ്)

8) മലയാളത്തിലെ എക്കാലത്തെയും മികച്ച സഞ്ചാരസാഹിത്യക്കാരൻ ആര്?

(സക്കറിയ, എം.കെ. രാമചന്ദ്രൻ, എസ്. കെ. പൊറ്റേക്കാട്)

9) അമ്മയുടെ എഴുത്തുകളെ കവി വിശേഷിപ്പിച്ചിരിക്കുന്നത് എന്തായിട്ടാണ്?

(ചിന്മുദ്ര, സ്മരണ, പട്ടണത്തിലെ കോപ്പുകൾ)

10) നാവുണ്ടായിരുന്നുവെങ്കിൽ കുടുംബത്തിന്റെ കഥ അവൾ പറയുമായിരുന്നു. ആര്?

(അമ്മ, കൊച്ചുചക്കരച്ചി, സാന്താമയി)

**VI** a) **ഉത്തരം എഴുതുക** 4x6=24

1) വീട്ടാത്തകടം പടച്ചവന്റെ സൂക്ഷിപ്പുകളാണ്. അത് അങ്ങനെതന്നെയിരിക്കട്ടെ.
ഈ വാക്യം നൽകുന്ന ഭാവതീവ്രത വ്യക്തമാക്കുക.

2) മണ്ണിനെ പൊന്നണിയിച്ച് സംസ്ക്കാര ശില്പികൾ ആര്? അങ്ങനെ വിശേഷിപ്പിക്കാൻ കാരണമെന്ത്?

3) നഗരജീവിതത്തിന്റെ പുതുവഴികളിൽ കണ്ണിചേരേണ്ടി വരുമ്പോഴും അമ്മ കെടാവിളക്കായി കവിയുടെ മനസ്സിൽ തെളിഞ്ഞുനിൽക്കുന്നു. ഈ അനുഭവം കവിതയിൽ ചിത്രീകരിച്ചിരി ച്ചിരിക്കുന്നതെങ്ങനെ?

4) ചക്ഷുഃശ്രവണഗളസ്ഥമാം ദർദുരം
ഭക്ഷണത്തിന്നപേക്ഷിക്കുന്നതുപോലെ
കാലാഹിനാപരിഗ്രസ്തമാം ലോകവു
മാലോലചേതസാഭോഗങ്ങൾ തേടുന്നു. കലാഹി എന്ന പ്രയോഗത്തിന്റെ ഔചിത്യമെന്ത്?
വരികൾ വിശകലനം ചെയ്ത് കുറിപ്പ് തയ്യാറാക്കുക.

5) അതുകൊണ്ടുനിന്നെ ശസ്ത്രംകൊണ്ടുകൊന്നുകൂടാ. ഇതുംപറഞ്ഞ് അയാളുടെ മർമ്മങ്ങളിൽ പെരുവിരൽ ഊന്നിയമർത്തി കഥ കഴിച്ചു. ആര്? ആരോട് പറയുന്നതാണിത്? സന്ദർഭം, ആശയം എന്നിവ വ്യക്തമാക്കുക.

6) ലിംബാളെയുടെ ജീവിതാനുഭവം നമുക്ക് നൽകുന്ന സന്ദേശം എന്ത്?

**VII** **ഏതെങ്കിലും 2 ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക** 4x2=8

1) സാധാരണക്കാരനായ സന്യാസി എന്ന് ചട്ടമ്പിസ്വാമികളെ വിശേഷിപ്പിക്കാൻ കാരണമെന്ത്?

2) കേരളീയ നവോത്ഥാനത്തിൽ ചട്ടമ്പി സ്വാമികൾ വഹിച്ച പങ്കിനെക്കുറിച്ച് വിവരിക്കുക.

3) ചട്ടമ്പി സ്വാമികളുടെ മഹാസമാധിയെക്കുറിച്ച് വിവരണം തയ്യാറാക്കുക.

*********